## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- സീനിയർ ക്ലാർക്ക് തസ്തികയിൽ 31.05.2014 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി മോളിക്കുട്ടി അലക്സാണ്ടറുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം.823/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 25/2/2016**

---

പരാമർശം : 1. സ.ഉ(കൈ) 224/2014/തസ്വഭവ തീയതി 12.12.2014

2. പഞ്ചായത്ത് ഡയറക്ടറുടെ 05.06.2015 ലെ ഇ 6-39701/2013 നമ്പർ കത്ത്.

## ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ 31.05.2014 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടറുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. 27.02.1988 ൽ ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. മോളിക്കുട്ടി അലക്സാണ്ടർ 05.07.1988 മുതൽ വിവിധ കാലയളവുകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയിലും മറ്റ് അവധികളിലും പ്രവേശിച്ചിരുന്നു. 31.01.1994 മുതൽ 23.05.2010 വരെ ടിയാൾ അനധികൃത ഹാജരില്ലായ്മയിലായിരുന്നു. ശ്രീമതി മോളിക്കുട്ടി അലക്സാണ്ടർ ആവർത്തിച്ച് അവധിയിലായിരുന്നതിനാൽ സേവനത്തിൽ ഒരിക്കൽ പോലും 3 വർഷത്തിനുള്ളിൽ തുടർച്ചയായ 2 വർഷം സേവനം പൂർത്തിയാക്കിയിട്ടില്ല. ക്യാൻസർ രോഗം മൂലം അവശത അനുഭവിക്കുന്നത് മൂലമാണ് തുടർച്ചയായി അവധി എടുക്കേണ്ടിവന്നതെന്നും കിടപ്പുരോഗിയായ മകളുടെ വൈകല്യം ദുരിതം ഇരട്ടിപ്പിക്കുകയാണെന്നും ടിയാൾ അനുഭവിക്കുന്ന യാതനകൾ കണക്കിലെടുത്ത് സേവനചട്ടങ്ങൾക്കുമപ്പുറം മനുഷ്യത്വപരമായ പരിഗണന ആവശ്യമാകയാൽ സർക്കാരിൽ നിന്നും അസാധാരണ അനുകൂല ഉത്തരവ് ഉണ്ടാകുന്നതിന് നടപടി

സ്വീകരിയ്ക്കണമെന്നും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സൂചിപ്പിച്ചിട്ടുണ്ട്.

3. പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് - സീനിയർ ക്ലാർക്ക് അനുപാതം പുന:നിശ്ചയിച്ചതിനെ തുടർന്നും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിച്ചതിനെ തുടർന്നും പ്രൊമോഷൻ നല്കിയതിനെ തുടർന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഒരു stop gap arrangement എന്ന നിലയ്ക്ക് സീനിയോറിറ്റി മാത്രം കണക്കാക്കി സ്ഥാനക്കയറ്റം നല്കാൻ സർക്കാർ നിർദ്ദേശിച്ചതിനെത്തുടർന്നാണ് ടിയാൾക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നല്കിയത്.

4. സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാനുഷിക പരിഗണന അർഹിക്കുന്ന സംഗതിയാണെന്ന് വിലയിരുത്തി, പ്രത്യേക കേസ്സായി പരിഗണിച്ച് കെ.എസ്.&എസ്.എസ്.ആർ ഭാഗം II ലെ 39-ാം ചട്ടപ്രകാരം ചട്ടങ്ങളിൽ ഇളവ് നല്കി ടിയാൾക്ക് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ( KS&SSRs part 2, Rule 13 B പ്രകാരം) പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിലെ രണ്ട് വർഷം ഡ്യൂട്ടി ആർജ്ജിക്കുന്നതിൽ നിന്നും ഇളവ് നല്കി 13.12.2014 FN തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാളുടെ നിരീക്ഷണകാലം പ്രഖ്യാപിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ്( 14.10.2015 ലെ 18052/ബി2/2015/ഉഭപവ നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ. കെ. എം. ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നമ്പർ 104/ഇപിഎ 1/15/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ